(ബി) പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ ; ഇല്ലെങ്കിൽ ഏതെല്ലാം തസ്തികകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്നും ഒഴിവുകൾ എന്നത്തേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പിന്റെ ഹെഡ്ക്വോർട്ടേഴ്സിൽ നിലവിൽ ചുവടെ ചേർക്കുന്ന പ്രകാരം ഒഴിവുകൾ ഉണ്ട് :

ക്ലാർക്ക്	-	1
ലാസ്റ്റ്ഗ്രേഡ്	-	1
എൽ.ഡി.ടൈപ്പിസ്റ്റ്	-	1

(ബി) പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

273 (4319) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികൾ നിലവിലുണ്ട് ; അവയിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്ര ; സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടം ഇല്ലാത്തവയുമായ എത്ര ; വിശദാംശം നൽകുമോ ;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ ഏതൊക്കെ ; അവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം -228

1. സ്വന്തമായി കെട്ടിടമില്ലാത്തവ - 65

2. സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾ - 1

തളിപ്പറമ്പ് അഡീഷണൽ-1 ഐസിഡിഎസ് പ്രോജക്ടിൽ പട്ടുവം പഞ്ചായത്തിൽ 38-ാം നമ്പർ അങ്കണവാടിയാണ് സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അങ്കണവാടി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്ന അങ്കണവാടികളുടെ വിവരം ചുവടെ ചേർക്കുന്നു :

പഞ്ചായത്ത്	സെന്റർ നമ്പർ	പുരോഗതി വിവരം
ഏഴോം	38-ാം നമ്പർ പ്രതിഭ അങ്കണവാടി	സൺഷൈഡ് കോൺക്രീറ്റ് ലവൽ
ഏഴോം	48-ാം നമ്പർ കോട്ടക്കിൽ അങ്കണവാടി	ചുമർപണി നടക്കുന്നു.

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി

274 (T4320) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നിർത്തലാക്കിയതുമൂലം വീണ്ടും നവജാത ശിശുക്കളുടെ മരണം സംഭവിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതി കുറ്റമറ്റരീതിയിൽ തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ&ബി) അട്ടപ്പാടിയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നിർത്തലാക്കിയിട്ടില്ല.

വികലാംഗർക്ക് മുച്ചക്രവാഹനങ്ങൾ

275 (4321) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് മുച്ചക്രവാഹനങ്ങൾ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതിവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly